# നാട്ടുവൈദ്യം

### ആണി കുത്തികൊണ്ടാൽ:

വെറ്റില ചതച്ച് പരിക്ക് പറ്റിയിടത്ത് വെച്ചുകെട്ടുക. പഴുപ്പ് ബാധിക്കാതെ മുറിവ് വേഗം ഉണങ്ങും.

തുരുമ്പു പിടിച്ച ആണി കയറി ഉണ്ടാകുന്ന കുത്തി നീറ്റലിന് പഴകിയ നെയ്യ് ലേപനം ചെയ്യുക.

### മുള്ളു കയറിയാൽ

കാലിലോ മറ്റോ മുള്ളു കയറി പുറത്തുകളയാനാകാതെ മുള്ളിന്റെ അഗ്രം ഒടിഞ്ഞിരുന്നാൽ:-

മുറിവിൽ എരിക്കിൻ പാൽ വീഴ്ത്തുക.

മുയൽച്ചെവിയൻ വേരോടെ പറിച്ച് വെള്ളം കൂട്ടാതെ അരച്ചു വെച്ചുകെട്ടുക.

### കുപ്പിച്ചില്ലു കയറിയാൽ

നിലം പരണ്ട അരച്ച് വെച്ചുകെട്ടുക. ചില്ല് കഷണം പുറത്തുപോകും.

### ആര് കയറിയാൽ

വിരൽ നഖത്തിനിടയിലും മറ്റും തെങ്ങ്, കമുക് എന്നിവയുടെ ആര് കയറിയാൽ കരാട്ടുപാലയുടെ പശ വീഴ്ത്തുക. വേദന കുറയും. സാവധാനത്തിൽ ആര് എടുക്കുവാനും സാധിക്കും - പഴുക്കില്ല.

### ചെറിയ പൊള്ളലുകൾക്ക്

പൊള്ളിയ ഭാഗം നനയ്ക്കാതെ, ഉടയ്ക്കാതെ തേൻ പുരട്ടുക. കോഴിനെയ്യ് തോരെ തോരെ പുരട്ടുന്നതും നന്ന്.

ഇതൊന്നും കിട്ടാനില്ലെങ്കിൽ, വാഴപ്പോളകൾ പിഴിഞ്ഞ നീര് ധാര കോരുക. ശേഷം, മുക്കുറ്റി തൈരിൽ അരച്ച് പുരട്ടുക.

### മുറിവ്

കത്തിയോ ബ്ലേഡോ കൊണ്ട് മുറിഞ്ഞിടത്തും കാൽ തല്ലിപ്പൊട്ടി ചോരവരുന്നിടത്തും മുക്കുറ്റി അരച്ചു വെച്ചുകെട്ടുക. രക്തപ്രവാഹം പിടിച്ചു കെട്ടിയപോലെ നിൽക്കും. മുക്കുറ്റിക്കു പകരം പൂത്തുമ്പയും ഫലം ചെയ്യും.

### വളം കടിക്ക്

പറമ്പിലിറങ്ങുന്നതിനുമുമ്പ് കാലടിയിൽ മണ്ണെണ്ണപുരട്ടി കുറച്ചുനേരം ഇരിക്കുക. വളംകടി വരാനിടയില്ല.

മൈലാഞ്ചി അരച്ച് കാലിനടിയിൽ പുരട്ടുക. വളം കടിയുള്ള ഭാഗത്ത് മൈലാഞ്ചി അരച്ചുപുരട്ടിയാൽ ശമനം കിട്ടും.

### നാട്ടുവൈദ്യത്തിലെ ഒറ്റമൂലികൾ

ദഹനക്കേട് : ഇഞ്ചിനീര്
ഗ്രഹിണി : മുത്തങ്ങ
ചുമ : ആടലോടകം
കഫതടസം : തുളസി
തീപ്പൊള്ളൽ : തേൻ
കുട്ടികളുടെ പനി : പനികൂർക്ക
വാതം : കുറുന്തോട്ടി
ത്വഗ് രോഗങ്ങൾ : മഞ്ഞൾ
വായുക്ഷോഭം : വെളുത്തുള്ളി
മുറിവ് : മുക്കുറ്റി
പ്രമേഹം : ആര്യവേപ്പ്
ബുദ്ധി : ബ്രഹ്മി
മഞ്ഞപ്പിത്തം : കീഴാർനെല്ലി.

*സമ്പാദനം : സുധാദേവി*


**തോന്ന്യാക്ഷരം**

പുതിയ എഴുത്തുകാരുടെ
രചനകൾക്കായി ഒരു
ദ്വൈമാസിക
ആദ്യലക്കം
2001 ജൂലായ് 16ന്
ഒറ്റപ്രതി : 10രൂപ
വാർഷികം : 60രൂപ
രചനകളും അന്വേഷണങ്ങളും:
മാനേജർ
'അച്യുതശ്രീ'
NSS ബിൽഡിംഗ്
ചാലക്കുടി.പി.ഒ
തൃശ്ശൂർ -680307